# മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**
**മുടക്കുഴ പഞ്ചായത്ത്**
**വാർഡ്- 10 മുടക്കുഴ ഈസ്റ്റ്**
**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**
**റിപ്പോർട്ട് തയ്യാറാക്കിയത് : മരിയ മോൾ സ്റ്റീഫൻ**
**ബി.ആർ. പി. കൂവപ്പടി**
**സോഷ്യൽ ഓഡിറ്റ് യുണിറ്റ്**
**തിരുവനന്തപുരം**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ 2** |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ 1 & ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ 7,8,9** |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ 2പാരഗ്രാഫ് 18 & പാരഗ്രാഫ് 20** |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള | **സെഷൻ3(2),6, sch 2** |

| | | |
|---|---|---|
| | അവകാശം. | **,29,a,b,c,d,e,f.30** |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ 3(3)** |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ 19, & സെഷൻ 17( 2)** |

## അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ

- തൊഴിൽ കാർഡിന് വേണ്ടിയുള്ള ഫോട്ടോകൾ തൊഴിലാളികൾ സ്വന്തം ചിലവിലാണ് നൽകുന്നത്.
- ഫയൽ വെരിഫിക്കേഷനിൽ എന്നാണ് ഡിമാൻഡ് നൽകിയത്, എന്ന് മുതൽ എന്ന് വരെ വേണം എന്നുള്ള വിവരങ്ങൾ ഫോമിൽ എഴുതാത്തതിനാൽ ഡിമാൻഡ് നൽകി 15 ദിവസതിനകം ആണോ പ്രവർത്തിനൽകിയത് എന്ന കാര്യത്തിൽ വ്യക്തതയില്ല.
- ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല**.**
- തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

- തൊഴിലിടങ്ങളിൽ പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം ,തണൽ സൗകര്യം എന്നിവയുണ്ട്
- ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.
- തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും , തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
- തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം


1. ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക്ഓഫീസർ (BDO), പഞ്ചായത്തു സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.
2. കഴിഞ്ഞ 6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
3. പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
4. ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു, തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

5. വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.
6. ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

**മുടക്കുഴ ഗ്രാമ പഞ്ചായത്ത് പൊതുവിവരങ്ങൾ**

| | |
|---|---|
| വിസ്തീകരണം | 21.97 sq.km |
| ജനസംഖ്യ | 17355 |
| വാർഡുകൾ | 13 |
| വില്ലജ് | വേങ്ങൂർ വെസ്റ്റ് |
| ബ്ലോക്ക് | കൂവപ്പടി |
| താലൂക് | കുന്നത്തുനാട് |
| ജില്ലാ | എറണാകുളം |

മുടക്കുഴ ഗ്രാമപഞ്ചായത്ത് രൂപടം



| **വിവരങ്ങൾ** | **ജില്ലാ തലം** | **ബ്ലോക്ക് തലം** | **പഞ്ചായത്ത് തലം** |
|---|---|---|---|
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 59.06 | 554580 | 52141 |
| കുടുംബാംഗങ്ങൾക്ക് നൽകിയിരിക്കുന്ന ശരാശരി തൊഴിൽ ദിനങ്ങള് | 71.79 | 55.91 | 53.59 |
| 100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ | 2454 | 1644 | 189 |
| ആകെ തൊഴിൽ എടുത്ത കുടുംബങ്ങൾ | 0.94 | 11233 | 1092 |
| ആകെ തൊഴിൽ ദിനങ്ങൾ എസ്.സി തൊഴിലാളികൾക്ക് ശതമാനത്തിൽ | 19.32 | 15.38 | 29.76 |
| ആകെ തൊഴിൽ ദിനങ്ങൾ എസ്.റ്റി തൊഴിലാളികൾക്ക് ശതമാനത്തിൽ | 1.61 | 2.84 | 0 |

**പാരിസ്ഥിതിക ഘടകങ്ങൾ** :എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലാണ് മുടക്കുഴ പഞ്ചായത്ത്. കുന്നുള്ള പ്രദേശമാണ് കൂടുതലും .കനാലുകളും മുടക്കുഴ തോടും വാർഡിലുപെടുന്നു.

**പ്രധാന കൃഷികൾ** : നെല്ല്, തെങ്ങു , കൊക്കോ, റബര്

**പ്രധാന സ്ഥാപനങ്ങൾ :**അംഗൻവാടി(70), ആയുർവേദ ആശുപത്രി, കൃഷി ഭവൻ

**അതിർത്തികൾ :** പടിഞ്ഞാറ് :വാർഡ് 12 , വടക്ക് : വാർഡ് 11

തെക്ക്: വാർഡ് 9, കിഴക്ക്: വാർഡ് 5

# പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് |
|---|---|---|
| 1 | 1608004003/IF/388548 | കിണർ നിർമ്മാണം കുമാരി അനിൽ |
| 2 | 1608004003/DW/150011 | കിണർ നിർമ്മാണം |
| 3 | 1608004003/IF/IAY/131993 | Construction of PMAY-G House for Individuals -PMAY-G REG. NO. KL1037112 |
| 4 | 1608004003/IF/342809 | Construction of IAY House -IAY REG. NO. KL1013623 |
| 5 | 1608004003/IF/320362 | LEELA GOVINDAN കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന ഭവന നിർമ്മാണം |
| 6 | 1608004003/IF/320363 | കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന ഭവന നിർമ്മാണം -തങ്ക കുഞ്ഞു |
| 7 | 1608004003/IF/IAY/13907 | കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന ഭവന നിർമ്മാണം-ജയ |
| 8 | 1608004003/IC/318035 | മുടക്കുഴ ഈസ്റ്റ് എം ഡി കനാൽ ആഴം കൂട്ടി പുനരുദ്ധാരണം 2000 3000 |
| 9 | 1608004003/IC/318036 | മുടക്കുഴ ഈസ്റ്റ് എം ഡി കനാൽ ആഴം കൂട്ടി പുനരുദ്ധാരണം 3000-4000 |
| 10 | 1608004003/IF/392928 | കമ്പോസ്റ്റ് സംവിധാനങ്ങളുടെ നിർമ്മാണവും പുനസ്ഥാപനവും REACH 1 |
| 11 | 1608004003/IC/320442 | പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 1 |
| 12 | 1608004003/IC/320443 | പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 2 |
| 13 | 1608004003/IF/389081 | മുടക്കുഴ തോട് നീർത്തടത്തിൽ ഉൾപെടുന്ന ഭൂമിയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ reac1 |

## ഫയൽ പരിശോധന

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ വർക്കിനും പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതാണ്. അതിൽ ഓരോ ഫയലിനും 22 ഡോകുമെന്റ്സ് ഉണ്ടായിരിക്കണം. ഈ 22 ഡോകുമെന്റ്സ് പരിശോധിച്ച വിവരങ്ങൾ.

### കവർ പേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക് ഫയലിൽ ഉണ്ടാകേണ്ടതാണ് കവർ പേജ്. പരിശോധിച്ച ചെയ്ത 13 ഫയലുകളിൽ 7 ഫയലുകളിൽ മാത്രമാണ് AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നത്.

### ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട രേഖയാണ് ചെക്ക് ലിസ്റ്റ്.

- പരിശോധിച്ച 13 ഫയലുകളിൽ 7 ഫയലിൽ മാത്രമാണ് ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നത്
- എല്ലാ ഫയലുകളുടേയും ചെക്ക് ലിസ്റ്റ് ഫോമിൽ പേജ് നമ്പറുകൾ എഴുതിയിരുന്നില്ല.

### ആക്ഷൻപ്ലാൻ കോപ്പി

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പിഗ്രാമസഭ നിർദ്ദേ. ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള

പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുള്ള എന്ന വിവരം വർക്ക് ഫയലിൽ വരേണ്ടതാണ്

- എന്നാൽ പരിശോധിച്ച 13 ഫയലുകളിൽ 3 ഫയലുകളിൽ മാത്രമാണ് ആക്ഷൻ പ്ലാനിന്റെ കോപ്പി ഉണ്ടാകാതിരുന്നത്.

## എസ്റ്റിമേറ്റ്

ഒരു പ്രവർത്തി എങ്ങനെ, എത്ര അളവിന് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധനക്ക് വിദേയമാക്കിയ എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

- സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അതായത് ജനകീയ എസ്റ്റിമേറ്റ് ഈ പദ്ധതിയുടെ ഫയലിൽ സൂക്ഷിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഇത് ഒറ്റ ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല. അക്രെഡിക്കൂഡ് എഞ്ചിനീയർ തൊഴിലാളികൾക്കു മനസിലാക്കാൻ പാകത്തിന് ചെറുതായി എഴുതി വച്ചിരിക്കുന്ന എസ്റ്റിമേറ്റ് ചില ഫയലുകളിൽ ഉണ്ടായിരുന്നു. ഇത് അഭിനന്ദാർഹമാണ്.
- എല്ലാ ഫയലുകളിലും സെക്യൂർ നിന്നെടുത്ത എസ്റ്റിമേറ്റിന്റെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്
- എസ്റ്റിമേറ്റിനൊപ്പം എസ്റ്റിമേറ്റ് കവർ പേജ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിങ് ആൻഡ് ഡിസൈൻ എന്നിവ ഉൾപെടുത്തേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ ചിലതിൽ മാത്രമേ ഇവ ഉണ്ടായിരുന്നുള്ളു.

## സാങ്കേതിക അനുമതി

ഒരു പ്രവർത്തിക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി

- പരിശോധിച്ച 13 ഫയലുകളിൽ സാങ്കേതിക അനുമതി ഉണ്ടായിരുന്നു
- ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.
- സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ , തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

**ഭരണാനുമതി**

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി.

- ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.
- ഒരു വ്യക്തിഗത പ്രവർത്തിയുടെ ഫയലിൽ ഒഴിച്ച് എല്ലാ ഫയലിലും ഭരണാനുമതി ഉണ്ടായിരുന്നു.
- എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

**സംയോജിത പദ്ധതി**

പരിശോധിച്ച 13 ഫയലുകയും സംയോജിത പ്രവര്‍ത്തിയല്ല .

**തൊഴിലിനുള്ള അപേക്ഷ**

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്

- എന്നാൽ വ്യക്തിഗത പ്രവർത്തികളുടെ ഫയലുകളിൽ ഒന്നിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.

- പരിശോധിച്ച 13 ഫയലുകളിൽ 3 പ്രവർത്തികൾക് മാത്രമാണ് ഡിമാൻഡ് ഫോം ഉണ്ടായിരുന്നത്.
- പരിശോധിച്ച ഒരു വർക്ക് ഫയലിലും വ്യക്തിഗത ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല .
- വെള്ളപേപ്പറിൽ ഡിമാൻഡ് എഴുതി മേറ്റ്നെ ഏൽപ്പിച് തൊഴിലുറപ്പ് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷ വൃത്തിയായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.
- ഡിമാന്റുകളിൽ അപേക്ഷ നൽകിയ തിയതി എന്ന് മുതൽഎന്ന് വരെ ഏത് പ്രവർത്തി വേണം എന്ന വിവരങ്ങൾ കൃത്യമായി രേഖപെടുത്താത്തതിനാൽ 15 ദിവസത്തിനകം ജോലി അനുവദിച്ചോ എന്ന് വ്യക്തമല്ല

## പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം

പ്രവർത്തി നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം.

- പരിശോധിച്ച 13 ഫയലുകളിൽ വ്യക്തിഗത പ്രവർത്തികൾക് ഒന്നിനും പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം ഉണ്ടായിരുന്നില്ല.
- 4 പ്രവർത്തിയുടെ ഫയലിൽ മാത്രമേ പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം. ഉണ്ടായിരുന്നുള്ളു.

## ഇ മസ്റ്റർ റോൾ

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റർ റോൾ. പരിശോധിച്ച 13 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു . ഇതിൽ തൊഴിലാളികൾ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

- ഇതിൽ ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളുടെ ഇമസ്റ്റർ റോളുകളിൽ ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെകിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല .
- മെസുരേമെന്റ് ബുക്കിന്റെ നമ്പർ എല്ലാ മസ്റ്റർ റോളിലും ഉണ്ടായിരുന്നില്ല്ല.
- പ്രളയക്കെടുതി നേരിട്ടത്തോടെ പുനരുദ്ധാരണം റീച് 1 ലെ മസ്റ്റർറോൾ - 18913 ശ്രീജ കെ. എസ് ന്റെ ഒപ്പു തിരുത്തി ആബ്സെന്റ മാർക്ക് ചെയ്യ്തിരിക്കുന്നതായി കണ്ടു
- മുടക്കുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന മണ്ണ് ജലസംരക്ഷണം റീച് 1 മസ്റ്റർറോൾ-773 ജലജ പ്രകാശിന്റെ ഒപ്പു വെട്ടി അബ്സെന്റ മാർക്ക്ചെയ്യ്തിരിക്കുന്നു
- മുടക്കുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന മണ്ണ് ജലസംരക്ഷണം റീച് 1 മസ്റ്റർറോൾ-775 തിലകന്റെ അബ്സെന്റ മാർക്ക് ചെയ്തത് തിരുത്തി ഒപ്പു ഇട്ടിരിക്കുന്നു.
- വാർഡ് 10 കിണർ നിർമാണം എന്ന പ്രവർത്തിയുടെ മസ്റ്റർ റോൾ -14313 എന്നതിൽ വിദഗ്ദ്ധ തൊഴിലാളിയുടെ പേര് , വയസ്, വാർഡ് എന്നിവ പൂരിപ്പിക്കാതെ ഒപ്പിട്ട് ഹാജർ രേഖപ്പെടുത്തി വേതനം അനുവദിച്ചതായി കൊടുത്തിരിക്കുന്നു.

## മെഷർമെന്റ് ബുക്ക്

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു

- മെസുരേമെന്റ് ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്യേണ്ടതാണ് പരിശോധിച്ച 1 ഫയലുകളിൽ ഒഴിച്ച് ( pmay ഭാവം 145/1819)- ഫയലും സെർറിഫൈ ചെയ്തിട്ടുണ്ട്.
- എല്ലാ വർക്കിലും പ്രീ മെസുരേമെന്റ്, തിയതി എന്നിവ രേഖപെടുത്തിയിട്ടുണ്ട്
- ചില പേജുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് മാത്രമോ ചില സ്ഥലങ്ങളിൽ ഒപ്പും സീലും എന്നിവ മാത്രം കാണാൻ സാധിച്ചു. എന്നാൽ തീയതി മിക്ക സ്ഥലങ്ങളിലും രേഖപ്പെടുത്തിയിരുന്നില്ല .തീയതി രേഖപ്പെടുത്തിയാൽ മാത്രമേ ആര് എപ്പോൾ അളവുകൾ രേഖപ്പെടുത്തിയെന്നും ,ആര്, എപ്പോൾ അത് ക്രോസ്സ് ചെക്ക് ചെയ്തു എന്നും മനസിലാക്കാൻ സാധിക്കുകയുള്ളു.കാലതാമസം സംബന്ധിച്ച ആക്ഷേപം ഉണ്ടായാൽ തീയതി അത്യാവശ്യമാണ്

## മെറ്റീരിയൽ ബിൽ വൗച്ചർ

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

- പരിശോധിച്ച 2 പ്രവർത്തിയിലാണ് മെറ്റീരിയൽസ് ഉപയോഗിച്ചിട്ടുള്ളത്. ഇതിൽ ബില്ലുകൾ വച്ചിട്ടുള്ളതാണ്

## വേജ് ലിസ്റ്റ്

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത് വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്.

- പരിശോധിച്ച ഫയലുകളിൽ 3 ഫയലുകളിൽ മാത്രമാണ് വെജ് ലിസ്റ്റ് ഉണ്ടായിരുന്നത്

- വ്യക്തിഗത പ്രവൃത്തികളിൽ ഒന്നിലും വെജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല
- ഫയലിൽ ഉണ്ടായിരുന്ന വെജ് ലിസ്റ്റുകൾ മസ്റ്റർ റോളിന് അനുപാതികം ആയിരുന്നില്ല.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .

- പരിശോധിച്ച എല്ലാ ഫയലിലും FTO ഉണ്ടായിരുന്നു
- FTO കൾ മസ്റ്റർ റോളുകൾക് അനുപാതികം ആയിരുന്നില്ല

## പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുവാൻ ഉപകരിക്കുന്ന ഒരു രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അഥവാ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം .

- പൂർത്തീകരിച്ച 12 പ്രവർത്തികളിൽ 5 പ്രവർത്തികൾക്കാണ് പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നത്.
- വ്യക്തിഗത പ്രവർത്തികൾ പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

## മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും , മാസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന് മനസിലാക്കാനുള്ള രേഖയാണ് മാസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്.

- മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പിൽ കൃത്യമായി ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ ചില ഫയലുകയിൽ ഉണ്ടായിരുന്നില്ല

**ഫോട്ടോഗ്രാഫ്**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു .

- പരിശോധിച്ച 2 ഫയലുകൾ ഒഴിചു എല്ലാ ഫയലുകളിലും 3 ഘട്ടത്തിലുള്ള ഫോട്ടോകൾ സൂക്ഷിച്ചിരുന്നു.

**റോയൽറ്റി**

പ്രവർത്തി നടന്ന സ്ഥലങ്ങളുടെ കരം അടച്ച രസീതുകൾ ഫയലുകളിൽ സൂക്ഷിച്ചിരുന്നു.

**ജിയോ ടാഗ്ഡ് ഫോട്ടോസ്**

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഡ് ഫോട്ടോസ്. എന്നാൽ ഇവ ഈ ഫയലിൽ കണ്ടെത്തിയില്ല.

**സൈറ്റ് ഡയറി**

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി.

- പരിശോധിച്ച ഒരു വ്യക്തിഗത പ്രവർത്തിയുടെ ഫയൽ ഒഴിച്ച് വേറെ ഒരു വ്യക്തിഗത പ്രവർത്തിക്കും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.
- കിണർ നിർമാണം (1604008003/DW/150011) എന്ന പ്രവർത്തിയുടെ സൈറ്റ് ഡയറി ഒഴികെ ബാക്കി ഉള്ള സൈറ്റ് ഡയറികളിൽ ചെക്ക് ലിസ്റ്റ് ,മിനിറ്റ്സ്, തൊഴിലാളികളുടെ സാഷ്യപത്രം, തൊഴിലുപകരണങ്ങളുടെ വാടക,പദ്ധതിചെലവ്, VMC റിപ്പോർട്ട് ,

സന്ദർശന കുറിപ്പ് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് . ഇത് അഭിനന്ദാർഹമാണ്.

## രജിസ്റ്ററുകളുടെ പരിശോധന

### 1.അലോക്കേഷൻ ഓഫ് വർക്ക്,പേയ്മെന്റ് ഓഫ് വേജസ് ആൻഡ് ഡിമാൻഡ് ഫോർ വർക്ക്

- രജിസ്റ്റർ സെക്രെട്ടറി സർട്ടിഫൈ ചെയ്തിട്ടുണ്ട്
- 2017 മുതൽ 2019 വരെയുള്ള ഡിമാന്റുകളുടെ വിവരം രെജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- 2018-2019 കാലഘട്ടത്തിൽ ആകെ 236 ഡിമാന്റുകളാണ് ഉണ്ടായിരുന്നത്.

### 2. മെറ്റിരിയൽ രജിസ്റ്റർ

- 2016 മുതൽ 2019 വരെയുള്ള മെറ്റീരിയലുകൾടെ വിവരങ്ങളാണ് രെജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്നത്. എന്നാൽ ഈ വിവരങ്ങൾ അപൂർണ്ണമാണ്.
- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടുണ്ട്.
- എല്ലാ വാർഡുകളുടെയും വിവരങ്ങൾ രെജിസ്റ്ററിലുണ്ട്.
- എന്നാൽ ഓഡിറ്റ് പീരീഡ് ആയ 2018 ഒക്ടോബര് മുതൽ 2019 മാർച്ച് വരെയുള്ള പത്താം വാർഡിലെ മെറ്റീരിയൽ വിവരങ്ങൾ രെജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല .

### 3. വർക്ക് രജിസ്റ്റർ

- 2016-2017 കാലഘട്ടം മുതൽ 2018-2019 കാലഘട്ടം വരെയുള്ള എല്ലാ വർക്കുകളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ഉണ്ട്.

- സെക്രെട്ടറി രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടുണ്ട്
- കൃത്യമായി രജിസ്റ്റർ സൂക്ഷിക്കുന്നത് അഭിനന്ദാർഹമാണ്

## 4. തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ

- 2016 മുതൽ 2019 വരെയുള്ള തൊഴിൽ കാർഡ് വിതരണം നടത്തിയ വിവരങ്ങൾ രെജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.
- 155 ആളുകളുടെ പേര് വിവരങ്ങളും ഫോട്ടോകളും രെജിസ്റ്ററിലുണ്ട്.
- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടുണ്ട്

## 5. പരാതി രജിസ്റ്റർ

- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടുണ്ട്.
- 2013 മുതൽ 2019 മെയ് മാസം വരെയുള്ള പരാതികൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.ഇത് അഭിനന്ദാർഹമാണ്.
- പരാതികളും,അതിന്മേലുണ്ടായ പരിശോധനകളും,നടപടികളും രെജിസ്റ്ററിൽ എഴുതിയിട്ടുണ്ട്.

## 6. ഗ്രാമസഭ രജിസ്റ്റർ

- രജിസ്റ്റർ സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2016 നവംബര് മാസം മുതൽ 2018 ഏപ്രിൽ വരെയുള്ള ഗ്രാമസഭ മിനിട്സും ,മേറ്റ്മാരുടെ പരിശീലന പരിപാടി സംബന്ധിച്ച വിവരങ്ങളുമാണ് രെജിസ്റ്ററിൽ ഉള്ളത്.
- 2016 ൽ 350 നു മുകളിൽ പ്രാധിനിത്യം ഗ്രാമസഭക് ഉണ്ടായിരുന്നു.എന്നാലത് 2017 ആയപ്പോഴേക്കും 82 അടുത്ത ആളുകൾ മാത്രമായ് ചുരുങ്ങി.

**7.ഫിക്സഡ് അസറ്റ് രജിസ്റ്റർ**

- രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടില്ല.
- രജിസ്റ്റർ കൃത്യമായി എല്ലാ വാർഡിലെയും വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**<u>വർക്കുകളുമായി ബന്ധപെട്ട നിരീക്ഷണങ്ങൾ</u>**

**1.ഭവന നിർമാണം( PMAY,LIFE,IAY)**

| നമ്പർ | ഗുണഭോക്താവിന്റ പേര് | വർക്ക് കോഡ് | തൊഴിൽ കാർഡ് നം | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|---|
| 1 | കാർത്തു കുട്ടപ്പൻ | 1608004003/IF/IAY/131993 | KL-08-004-003-009/86 | 29/11/2018 | 1/5/2019 | 24390 |
| 2 | ജയാ സജീവൻ | 1608004003/IF/IAY/13907 | KL-08-004-003-10/185 | 31/5/18 | 26/3/2019 | 24390 |
| 3 | ലീല ഗോവിന്ദൻ | 1608004003/IF/320362 | KL-08-004-003-10/99 | 31/5/18 | 23/3/19 | 24390 |
| 4 | തങ്ക കുഞ്ഞു | 1608004003/IF/320363 | Kl-08-004-003-010/170 | 8/11/2018 | 13/3/2019 | 24390 |
| 5 | ഷൈലാ സജി | 1608004003/IF/342809 | KL-08-004-003-10/87 | 29/11/2018 | 13/3/2019 | 24390 |

- ഭവന പദ്ധതികളിൽ 90 ദിവസം പണി നൽകിയിട്ടുള്ളതും, എല്ലാവര്ക്കും അതിന്റെ വേതനം ലഭിച്ചിട്ടുള്ളതുമാണ്.
- രണ്ടു വീട് ഒഴികെ ( ജയാ ചായാടാൻ, ലീല ഗോവിന്ദൻ ) എല്ലാ വീടും പണി പൂർത്തിയാക്കിയതും താമസ യോഗ്യവുമാണ്.
- തൊഴിലുറപ്പിലെ 90 പണി അവർക്കു നല്ല രീതിയിൽ ഉപകരിച്ചിട്ടുണ്ട്
- മാസ്റ്റർ റോളുകൾ പഞ്ചായത്തിൽ പോയ് ഒരുമിച്ചാണ് ഒപ്പു ഇടുന്നത്.

- ഫോട്ടോകൾ തൊഴിലാളി തന്നെ പണം മുടക്കിയാണ് എടുക്കുന്നത് . ഒരു ഭവന നിർമാണം പൂർത്തിയാകുന്നതോടെ ഫോട്ടോകൾക്ക് മാത്രമായി 400 രൂപ അടുത്തു ചിലവാകുന്നുണ്ട് .
-

**2. കമ്പോസ്റ്റ് സംവിധാനങ്ങളുടെ നിർമാണവും പുനഃസ്ഥാപനവും**

2018 -2019 വർഷത്തെ കമ്പോസ്റ്റ് സ്ഥാപനവുമായി ബന്ധപ്പെട്ട പ്രവർത്തിയിൽ 3 പ്രവർത്തി സ്ഥലങ്ങൾ പരിശോദിച്ചു.

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | കമ്പോസ്റ്റ് സംവിധാനങ്ങളുടെ നിർമ്മാണവും പുനസ്ഥാപനവും REACH 1 | 1608004003/IF/392928 | 1/3/2019 | On going | 14500 | |

**1.** ലീല ഗോവിന്ദന്റെ കമ്പോസ്റ്റ് വർക്ക് പരിശോധിക്കുകയും ചെയ്തു. പരിശോധന അടിസ്ഥാനത്തില് പണി പൂർത്തിയായി കാണപ്പെട്ടു.

- എസ്റ്റിമേറ്റ് പ്രകാരം 1.50*1.50*1.50 m3 എന്നതാണ് അളവ് . എന്നാൽ 0.90*0.80*1.20 m3 എന്ന അളവ് പ്രവർത്തി സ്ഥലത്തു കാണാൻ സാധിച്ചത്
- ഉപയോഗ ശൂന്യമായി കിടക്കുന്ന കമ്പോസ്റ്റ് കുഴിയാണ് കാണാൻ സാധിച്ചത്. പേരിനു മാത്രമായി കമ്പോസ്റ്റ് കുഴി മാറി

**2.** സജിയുടെ കമ്പോസ്റ്റ് കുഴിയുടെ പണി ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്.

- പരിശോധന സമയത് 2 ദിവസത്തെ പണി ആയിരുന്നു ലഭിച്ചിരുന്നത്.എന്നാൽ രണ്ട് ദിവസത്തെ പണി പ്രവർത്തി സ്ഥലത്തു കാണാൻ സാധിച്ചിരുന്നില്ല .

**3.** ജയാ സതീശന്റെ കമ്പോസ്റ്റ് കുഴി പണി ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ് .

- പരിശോധന നിന്ന് രണ്ട് ദിവസത്തെ പണി വളരെ വൃത്തിയായി തന്നെ ചെയ്യപ്പെട്ടതായി കാണപ്പെട്ടു

## 3.മുടക്കുഴ ഈസ്റ്റ് എം ഡി കനാൽ ആഴം കൂട്ടി പുനരുദ്ധാരണം

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 1 | 1608004003/IC/320442 | 19/11/2018 | 25/2/2019 | 146100 | 139170 |

| | | | | | | |
|---|---|---|---|---|---|---|
| 2 | പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 2 | 1608004003/IC/320443 | 24/11/2018 | 10/1/2019 | 300000 | 292350 |

മുടക്കുഴ ഈസ്റ്റ് എം ഡി കനാൽ ആഴം കൂട്ടി പുനരുദ്ധാരണം 2000- 3000 ,മുടക്കുഴ ഈസ്റ്റ് എം ഡി കനാൽ ആഴം കൂട്ടി പുനരുദ്ധാരണം 3000-4000,എന്നി പ്രവർത്തികളാണ് ഓഡിറ്റിന് വിധേയമാക്കിയത്.

- എസ്റ്റിമേറ്റും എം ബുക്കും പ്രകാരം 1 കിലോമീറ്റർ ആണ് കനാലുകൾ കാടു ചെത്തി ,ചെളി കോരി കളഞ്ഞു വൃത്തിയാക്കിയത്.
- പണി പൂർത്തിയാക്കി മാസങ്ങൾ കഴിഞ്ഞതിനാൽ ഓഡിറ്റ് സമയത് കനാലിനു സമീപത്തു പലയിടങ്ങളിലും ഒരാൾ പൊക്കത്തിൽ വരെ കാടു വളർന്നിരുന്നു.
- കനാലിൽ വെള്ളമുള്ളതിനാൽ ചെളി കോരി കളഞ്ഞത് എത്രയളവിലാണ് എന്നുള്ളത് അളന്നെടുക്കാൻ ഓഡിറ്റ് ടീമിന് സാധിച്ചില്ല.
- ചെളി കോരി കനാലിനു സമീപത്തായി ഇട്ടിട്ടുള്ളത് കാണാൻ കഴിഞ്ഞു
- രണ്ടു പ്രവർത്തിക്കും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വച്ചിട്ടുണ്ട്
- സമീപവാസികളോട് സംസാരിച്ചതിന് നിന്നും തൊഴിലാളികൾ വളരെ നന്നായി പണി ചെയ്തിട്ടുണ്ടായിരുന്നു എന്ന് അറിയാൻ സാധിച്ചു.
- പ്രവർത്തി സമയത് തൊഴിലാളികൾക്കു കയ്യുറ,കാലുറ, എന്നിവ നൽകിയിട്ടില്ല. പ്രധിരോധ ഗുളികകൾ മാത്രമാണ് നൽകിയിരുന്നത്.
- കനാലിന്റെ പ്രവർത്തികൾ അപകട സാധ്യതകൾ ഉള്ളതാണ് കൃത്യമായ മുൻ കരുതലുകൾ സ്വീകരിക്കാതെയാണ് പല പ്രായത്തിലുള്ളവൻ ഈ പ്രവർത്തി ചെയ്യുന്നത്.

## 3.കിണർ നിർമാണം

ലിസി ജോർജ് ,ലിസി ജോയ് എന്നിവർക്കാണ് കിണർ ലഭിച്ചിട്ടുള്ളത്.

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | കിണർ നിർമ്മാണം | 1608004003/ DW/150011 | 21/12/2018 | 21/3/2019 | 40200 | 23066 |

### 1. ലിസി ജോർജ്

- വിദഗ്ദ്ധ തൊഴിലാളിക്ക് ഉൾപ്പെടെ 14 ദിവസത്തെ പണിയാണ് അനുവദിച്ചിരുന്നത്.
- കിണറു കുത്താൻ ആകെ 60000 രൂപ ചിലവായിട്ടുണ്ട്. 7 ദിവസത്തെ വേതനം ആണിതു വരെ ലഭിച്ചിട്ടുള്ളത്.
- വിദഗ്ദ്ധ തൊഴിലാക്കിക് വേതനം ഇത് വരെ ലഭിച്ചിട്ടില്ല .ജോബി എന്ന ഇവരുടെ മകനാണ് വിദഗ്ദ്ധ തൊഴിലാളിയായി നിന്നത്.
- റിങ് ഇറക്കിയാണ് കിണർ കുത്തിയിരിക്കുന്നത്. കിണർ ഉപയോഗ്യമാണ്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.

### 2.ലിസി ജോയ്

- പ്രവർത്തിക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വച്ചിട്ടുണ്ട്.
- മെറ്റീരിയൽസ് ഉപയോഗിച്ച് കൊണ്ടുള്ള പ്രവർത്തിയാണിത്.

- പ്രവർത്തിയുടെ ഫയലിൽ മെറ്റീരിയലുകളുടെ ബില്ലുകൾ ലിസിയുടെ പേരിൽ വാങ്ങിയതാണ് സൂക്ഷിച്ചിരുന്നത്. പക്ഷെ FTO ഇടനിലക്കാരന്റെ പേരിലാണ് പോയിട്ടുള്ളത്.
- അവിദഗ്ദ്ധ തൊഴിൽ വേതനം ലഭിച്ചിട്ടുണ്ട്.

## 4.കിണർ നിർമാണം - കുമാരി അനിൽ

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | കിണർ നിർമ്മാണം കുമാരി അനിൽ | 1608004003/IF/388548 | 11/2/2019 | 21/3/2019 | 22100 | 15765 |

- കിണർ നിർമാണം നല്ല രീതിയിൽ പൂർത്തീകരിച്ചു ഉപയോഗിക്കുന്നതായി കാണാൻ സാധിച്ചു .
- കിണറിലെ വെള്ളം ഉപയോഗിക്കുന്നുണ്ട്
- വിദഗ്ദ്ധ ,അവിദഗ്ദ്ധ തോഴിലാളികൾക് ഉൾപ്പെടെ 20 ദിവസത്തെ പണി നൽകിയിട്ടുണ്ട്.
- വിദഗ്ദ്ധ തൊഴിലാളിയുടെ വേതനം, മെറ്റീരിയെല്ലിന് ചിലവായ തുക എന്നിവ ഇത് വരെ ലഭിച്ചിട്ടില്ല.
- അവിദഗ്ത്ത തൊഴിലാളിയുടെ വേതനം ലഭിച്ചിട്ടുണ്ട്.
- സാധനങ്ങൾ വാങ്ങിയ കടയിൽ GST ബില് ഇല്ലാത്തതിനെ തുടർന്നു GST ബില് ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായി എന്നവർ അറിയിച്ചു.

**5.പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം**

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | മുടക്കുഴ ഈസ്റ്റ് എം ഡി കനാല് ആഴം കൂട്ടി പുനരുദ്ധാരണം 2000-3000 | 1608004003/IC/318035 | 24/10/2018 | 6/11/2018 | 109500 | 106878 |
| 2 | മുടക്കുഴ ഈസ്റ്റ് എം ഡി കനാല് ആഴം കൂട്ടി പുനരുദ്ധാരണം 3000-4000 | 1608004003/IC/318036 | 6/10/2018 | 19/10/2018 | 105600 | 102738 |

പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 1, പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 2 എന്ന പ്രവർത്തികളിൽ തോടുകൾ കാനകൾ എന്നിവ കാടു ചെത്തി വൃത്തിയാക്കുകയും മണ്ണും ചെളിയും കോരി കളഞ്ഞിട്ടുള്ളതുമാണ്.

- പ്രവർത്തി പരിശോധന സമയത് തോടുകളുടെ സമീപത്തു കാടുകൾ കയറിയിരുന്നു. കാനകളും തോടുകളും ചെളി നിറഞ്ഞു കാണപ്പെട്ടു .
- എസ്റ്റിമേറ്റ്, മെസുരേമെന്റ് ബുക്ക് പ്രകാശം പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 1 പ്രവർത്തി 690 മീറ്റർ ആയിരുന്നു ചെയ്യേണ്ടത് എന്നാൽ 270 മീറ്റർ മാത്രമായിരുന്നു അളന്നെടുക്കാൻ സാധിച്ചത്. ബാക്കി പ്രദേശം കാട് കേറിയതിനാൽ അളവ് എടുക്കാൻ സാധിക്കുമായിരുന്നില്ല.
- സമീപവാസികളോട് സംസാരിച്ചതിന് നിന്നും പ്രവർത്തി ചെയ്തിട്ടുണ്ട് എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്.
- പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 2 എന്ന പ്രവർത്തിയിൽ അളവ് എസ്റ്റിമേറ്റ്, മെസുരേമെന്റ് ബുക്ക് പ്രകാശം 4455 മീറ്റർ ആയിരുന്നു എന്നാൽ 256 മീറ്റർ തോട് മാത്രമാണ് അളന്നെടുക്കാൻ പാകത്തിന് ഉണ്ടായിരുന്നുള്ളു.
- കാനകൾ എല്ലാം തന്നെ കാടു മൂടിയാൽ കൃത്യമായി അളവെടുക്കാൻ പാകത്തിന് ആയിരുന്നില്ല
- തൊഴിലാളികൾക്കു പ്രവർത്തി സമയത് കയ്യുറ,കാലുറ എന്നിവ നൽകിയിരുന്നില്ല.പ്രതിരോധാ ഗുളികകൾ മാത്രമാണ് ലഭ്യമാക്കിയിരുന്നത്.
- തോടിനു സമീപത്തു ചെളി കോരി ഇട്ടിട്ടുണ്ട് എന്നാൽ ഇത് പിന്നീട് തോടിലെക് തന്നെ ഒഴുകി എത്തുന്നു.ആയതിനാൽ ചെളി കോരി കളയൾ കൃത്യമായി ചെയ്യില്ലെങ്കിൽ പ്രവർത്തികൊണ്ട് ഒരുഉപയോഗവുമില്ലാതാകും

## 6.മുടക്കുഴ തോട് നീർത്തടത്തിൽ ഉൾപെടുന്ന ഭൂമിയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | മുടക്കുഴ തോട് നീര്ത്തടത്തില് ഉള്പെടുന്ന ഭൂമിയില് മണ്ണ് ജലസംരക്ഷണ പ്രവര്ത്തികള് reac1 | 1608004003/IC/320442 | 6/10/2018 | 23/3/2019 | 200000 | 102120 |

- മെഷർമെൻറ് ബുക്ക് പ്രകാരമുള്ള പ്രവർത്തികൾക്കും ഉപരി വസ്തുവിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്ന അളവിലുള്ള കുഴികളും ആ വസ്തുവിൽ ആവശ്യമുള്ള പ്രവർത്തികളുമാണ് കൂടുതലും ചെയ്തു വരുന്നത്..അതിനാൽ കൃത്യമായ അളവിലുള്ള കുഴികളും മറ്റും കുറവായിരുന്നു.
- ഉടമസ്ഥൻ മഴക്കുഴികൾ കുത്തുന്നതിനോടൊപ്പം അവരുടെ ആവശ്യങ്ങൾക് (വളം ഇടാൻ, വാഴ,ചേന വക്കാൻ ...) കുഴി മൂടുന്നതിനാൽ അളവിൽ കുറഞ്ഞ കുഴികളാണ് കാണാൻ കഴിഞ്ഞത്.
  ഉടമസ്ഥൻ കുഴികൾ മൂടിയതായി സാക്ഷപെടുത്തിയിട്ടുണ്ട്. ഇതിനാൽ കുഴികൾ കുത്തിയിരുന്നില്ല എന്ന് വരുത്താൻ സാധിക്കില്ല. അവയുടെ അളവുകളും വ്യക്തമല്ല.
- APL കുടുംബങ്ങളിൽ ചെയ്ത പ്രവർത്തികളായിരുന്നു കൂടുതലും.

- കയ്യാലകൾ വളരെ നന്നായി പണിതിരിക്കുന്നു.ഇത് അഭിനന്ദാർഹമാണ്. മെഷര്മെന്റ് ബുക്ക് പ്രകാരം ആകെ 130.8 മീറ്റര് 2 കയ്യാല ഇതിൽ 104.26 മീറ്റര് 2 കയ്യാളായാണ് കാണാൻ കഴിഞ്ഞത്.
- മെഷര്മെന്റ് ബുക്ക് പ്രകാരം 1176 കുഴികളാണ് ഉള്ളത് എന്നാൽ 643 കുഴികളാണ് വിവിധ പ്രവർത്തി സ്ഥലങ്ങളിൽ നിന്നും കാണാൻ സാധിച്ചത് .
- കുഴികൾ കുത്തിയിരിക്കുന്ന കൊറേയെറെ സ്ഥലം കാട് പിടിച്ച കിടന്നതിന്നാലും,.മൂടി പോയതിന്നാലും കുഴികളുടെ എണ്ണം വ്യക്തമല്ല .
- കുഴികളുടെ അളവുകളിലും വ്യത്യാസമുണ്ട് . അളവിൽ കൂടുതൽ നീളം,വീതി, എന്നിവയുള്ള കുഴികളായിരുന്നു കൂടുതലും .താഴ്ച മാത്രമാണ് അളവില് കുറവ് ഉണ്ടായിരുന്നത്. കാലക്രമേണ മണ്ണ് വീണു താഴ്ച കുറഞ്ഞ എന്നാണ് ഗുണഭോക്താക്കൾ വ്യക്തമാക്കിയത്.
- ഏക്കർ കണക്കിൽ സ്ഥലം ഉള്ള ഗുണഭോക്താവിന്റെ സ്ഥലത്തു പലയിടത്തായി പ്രവർത്തികൾ ചെയ്യുന്നതിനാൽ സ്ഥലം കൃഷിക് അനുയോഗ്യമാക്കൽ എന്ന പ്രവർത്തിയുടെ അളവിൽ വ്യക്തതയില്ല. എന്നാൽ , കൃഷിക് അനുയോഗ്യമാക്കി നൽകിയ ( മറിയാമ്മ പത്രോസ്) എന്ന ഗുണഭോക്താവിന്റെ പ്രവർത്തി സ്ഥലത്തു വളരെ നന്നായി കൃഷി ചെയ്യിരിക്കുന്നത് കാണാൻ സാധിച്ചു.

## നിർദേശങ്ങൾ

### ബി.ഡി.ഓ.

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- ഡി.ഇ.ഓ, അക്കൗണ്ടന്റ് , ഓവർസീർ അക്രെഡികൂഡ് എൻജിനീയർ ,മേറ്റ്മാർ എന്നിവർക്കു കൃത്യമായ ട്രെയിനിങ്ങുകൾ കൊടുക്കാൻ ശ്രദ്ധകേണ്ടതാണ്
- പ്രവർത്തി സ്ഥലങ്ങൾ സന്ദര്ശിക്കുന്നതു ഗുണകരമായിരിക്കും

## സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- 7 രെജിസ്റ്ററുകളും മെഷർമെന്റ് ബുക്കും സാക്ഷ്യപെടുത്തി ആധികാരിത ഉറപ്പ് വരുത്തുക
- തൊഴിലാളികളുടെ അവകാശങ്ങൾ . അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുക. ചികിത്സ ചിലവുകൾ കൃത്യമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക
- വിജിലെൻസ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക

## നിർവഹണ ഉദ്യോഗസ്ഥർ(അക്കൗണ്ടന്റ്, ഡിഇഓ, അക്രെഡിക്റ്റഡ് എഞ്ചിനീയർ , ഓവർസിയർ

- വർക്ക് ഫയലുകൾ ആനുവൽ മാസ്റ്റർ സർക്യൂലർ പ്രകാരം 22 ഡോക്യൂമെന്റസ് ഉണ്ടെന്ന ഉറപ്പു വരുത്തി ഫയലുകൾ തയ്യാറാക്കുക.
- തൊഴിൽ കാർഡ് കൃത്യമായി എഴുതി സൂക്ഷിക്കാനും, മാസ്റ്റർറോളുകള് വെട്ടിത്തിരുത്തലുകൾ കൂടാതെ സൂക്ഷിക്കാനുമുള്ള നിർദേശങ്ങൾ നൽകണം
- പ്രവർത്തിയുടെ ആവശ്യകതയും ഉപയോഗവും കൃത്യമായി പ്രൊജക്റ്റ് മീറ്റിംഗിൽ തൊഴിലാളികൾക് പറഞ്ഞുകൊടുക്കുക.കൃത്യമായി തൊഴിലിടം സന്ദർശിക്കുക
- ഡിമാൻഡ് അനുസരിച്ചു തോഴിൽ നൽകുക.

## മേറ്റ്

- കൃത്യമായി ഒപ്പിട്ട മസ്റ്റർ റോൾ സൂക്ഷിക്കുക.
- ഹാജർ. അബ്സെന്റ എന്നിവ അപ്പപ്പോൾ തന്നെ എഴുതുക
- മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കുക.
- തൊഴിൽ ദിനങ്ങളുടെ തിയതി അടയാളപ്പെടുത്തുക

- ഓരോ പ്രവർത്തി കഴിയുമ്പോഴും മാസ്റ്റർറോൾ സൈറ്റ് ഡയറി എന്നിവ സൈറ്റ് ഡയറി പൂർണമായും പൂരിപ്പിക്കുക, അപകടങ്ങൾ ഉണ്ടായാൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്യുക.
- കൃത്യ അളവിലും നിലവാരത്തിലും ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
- തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിക്കുക

## പ്രധാന നിരീക്ഷണങ്ങൾ

1. തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
2. ഫയലുകളിൽ ഡോക്യൂമെന്റ്സ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദാർഹമാണ്
3. ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു. കൂടുതൽ ഉപയോഗ്യ പ്രദമായ പ്രവർത്തികൾ ഏറ്റെടുക്കേണ്ടതുണ്ട്. പൊതുവായി ചർച്ചകൾ നടത്തി പ്രവർത്തികൾ കണ്ടു പിടിക്കണം.
4. പൊതു ജനങ്ങളുടെ പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ് .വാർഡിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മ യും ഉറപ്പു വരുത്തേണ്ടതാണ്.
5. പ്രവർത്തിയിടങ്ങളിൽ തണൽ സൗകര്യം, പ്രഥമ ശ്രുശ്രൂഷ കിറ്റുകൾ, ,വെള്ളം , എന്നിവ ഉള്ളതാണ് ഇത് അഭിനന്ദാർഹമാണ്.
6. പ്രവർത്തിയിടങ്ങളിൽ എല്ലാം തന്നെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡും വച്ചിട്ടുണ്ട്.

7. ഡിമാൻഡ് ചെയ്യുന്ന ഫോമുകളിൽ എന്ന് മുതൽ എന്ന് വരെ തൊഴിൽ വേണം , അപേക്ഷ കൊടുത്ത തിയതി എന്നിവ ഉള്ളെടുത്താത്തതിനാൽ കൃത്യമായി 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്ന് വ്യക്തമല്ല .
8. തൊഴിൽ കാർഡുകൾ കൃത്യമായി പൂരിപ്പിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപെട്ടു.
9. മെറ്റീരിയൽന്റെ കാശ് , വിഗദ്ധ തൊഴിലാളികളുടെ വേതനം എന്നിവ വാർഡിലെ ആർക്കും ലഭിച്ചിട്ടില്ല
10. വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക് ശേഷമാണ്. ആയതിനാൽ തൊഴിലുറപ്പ് നിർത്തുന്ന തൊഴിലാളികളുടെ എണ്ണം ദിവസം പ്രതി കൂടുകയാണ് .
11. ആക്റ്റീവ് തൊഴിലാളികളുടെ എണ്ണം ഓരോ വര്ഷം കഴിയും തോറും കുറഞ്ഞതാണ് .വരുന്നത്. വേതനം ലഭ്യമല്ലാത്തതാണ് കാരണമായി അവർ പറയുന്നത്.
12. വെണ്ടർ ഉള്ള പ്രവർത്തികളിൽ ഗുണഭോക്താവിന് പണം ലഭിക്കാൻ ഒരുപാട് കാല താമസം വരുന്നുണ്ട് .
13. GST ബില്ലുകളുടെ ആവശ്യം വരുന്നതിനാൽ , gst ബില്ല് ലഭ്യമാകുന്ന കടകളിൽ നിന്നും സാധനങ്ങൾ വാങ്ങേണ്ടി വരുന്നു എന്നാൽ നാട്ടിൻപുറത്തു താമസിക്കുന്ന സാധാരണക്കാർക് ഇത്തരത്തിൽ സാധനം വാങ്ങുന്നതിനു വണ്ടി കൂലിയുടെ അധിക ചെലവ് വരുന്നുണ്ട്.

**നന്ദി**

മുടക്കുഴ ഗ്രാമ പഞ്ചായത്തിലെ 2018-19 സാമ്പത്തീക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപെട്ട പഞ്ചായത്ത് പ്രസിഡന്റ് , സെകട്ടറി അസിസ്റ്റന്റ് സെകട്ടറി, ഭരണസമിതി അംഗങ്ങൾ,വാർഡ് മെമ്പർ , തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ , ഫീൽഡു തല പ്രവർത്തനങ്ങൾക് സഹായിച്ച മേറ്റ്മാർ തൊഴിലാളികൾ പൊതുജനങ്ങൾ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപെടുത്തുന്നു.

## അനുബന്ധം

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ബേസിൽ വർഗീസ് | മഴക്കുഴി | 318 | 104 | കാടു കേറിയതും, മൂടിയതുമായ കുഴികൾ അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു |
| | | നിലമൊരുക്കൾ | 450 m2 | 95.9 m 2 | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൾ ചെയ്യതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല.ചാലു പണിതതായി മെഷർമെന്റ് ബുക്കിലുണ്ട് എന്നാൽ ഈ സ്ഥലത്തു ചാലു പണിതിട്ടില്ല |
| 2 | രവി ചായാടാൻ | കയ്യാല | 27.70m2 | 37.9 m 2 | |
| 3 | മറിയമ്മ പത്രോസ് | കൃഷി നിലമൊരുക്കൾ | 100 m2 | 360 m 2 | |

| | | | | | |
|---|---|---|---|---|---|
| 4 | വിൽസൺ വർഗീസ് | മഴക്കുഴി | 196 | 175 | കാടു കേറിയതും, മൂടിയതുമായ കുഴികൾ<br><br>അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു |
| | | നിലമൊരുക്കൾ | 360 m2 | 191.1 m 2 | |
| 5 | ജോയ് വർഗീസ് | മഴക്കുഴി | 462 | 260 | കാടു കേറിയതും, മൂടിയതുമായ കുഴികൾ അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു |
| | | വാരം | | 28 .673 | മെഷർമെന്റ് ബുക്കിലുള്ള പ്രവർത്തിയല്ലാ. |
| 6 | മണി തിലകൻ | കുഴി | 94 | 104 | |
| | | കയ്യാല | 104.10m 2 | 67 .36 m 2 | |

## മുടക്കുഴ ഗ്രാമപഞ്ചായത് വാർഡ്- 10 ( മുടക്കുഴ ഈസ്റ്റ് )
## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിട്സ്

കൂവപ്പടി ബ്ലോക്കിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 26/7/2019 നു 10.30 ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. തൊഴിലാളികളിൽ നിന്നും അധ്യക്ഷനെ തിരഞ്ഞെടുത്തു. യോഗത്തിന് വാർഡ് മെമ്പർ എൽസി പൗലോസ് സ്വാഗതം പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് ജിഷ സോമൻ സോഷ്യൽ ഓഡിറ്റ് പ്രക്രിയ എന്തിനാണെന്നും ഓഡിറ്റിന്റെ ആവശ്യകതയെക്കുറിച്ചും പറഞ്ഞു.

തുടർന് ജില്ലാ റിസോഴ്സ് പേഴ്സൺ കുമാരി ജൂലി ജോസഫ് സംസാരിച്ചു.തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം ,സോഷ്യൽ ഓഡിറ്റ് എന്താണ് എങ്ങനെയാണു ചെയ്യുന്നത് ,സോഷ്യൽ ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങൾ എന്നിവ വിശദമായി സംസാരിച്ചു . പിന്നീട് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ മരിയമോൾ സ്റ്റീഫൻ റിപ്പോർട്ട് അവതരിപ്പിച്ചു,പരിശോധിച്ച 13 ഫയലുകളുടെ കണ്ടെത്തലുകൾ അവതരിപ്പിച്ചു.അതിനു ശേഷം വാർഷിക മാസ്റ്റർ സർക്കുലര് പ്രകാരം ഓരോ പ്രവർത്തി ഫയലിലും കാണേണ്ട 22 രേഖകൾ എന്തെല്ലാമെന്നും അവയിൽ ഏതൊക്കെ പരിശോധിച്ച ഫയലുകളിൽ കാണാൻ സാധിച്ചു എന്നും അവതരിപ്പിച്ചു.
പ്രധാന നിരീക്ഷണങ്ങൾ.

1. തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

2. ഫയലുകളിൽ ഡോക്യൂമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദാർഹമാണ്

3. ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു. കൂടുതൽ ഉപയോഗ്യ പ്രദമായ പ്രവർത്തികൾ ഏറ്റെടുക്കേണ്ടതുണ്ട്. പൊതുവായി ചർച്ചകൾ നടത്തി പ്രവർത്തികൾ കണ്ടു പിടിക്കണം.

4. പൊതു ജനങ്ങളുടെ പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ് .വാർഡിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മ യും ഉറപ്പു വരുത്തേണ്ടതാണ്.

5. പ്രവർത്തിയിടങ്ങളിൽ തണൽ സൗകര്യം, പ്രഥമ ശുശ്രുഷ കിറ്റുകൾ, ,വെള്ളം , എന്നിവ ഉള്ളതാണ് ഇത് അഭിനന്ദാർഹമാണ്.

6. പ്രവർത്തിയിടങ്ങളിൽ എല്ലാം തന്നെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡും വച്ചിട്ടുണ്ട്.

7. ഡിമാൻഡ് ചെയ്യുന്ന ഫോമുകളിൽ എന്ന് മുതൽ എന്ന് വരെ തൊഴിൽ വേണം , അപേക്ഷ കൊടുത്ത തിയതി എന്നിവ ഉൾപ്പെടുത്താത്തതിനാൽ കൃത്യമായി 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്ന് വ്യക്തമല്ല .

8. തൊഴിൽ കാർഡുകൾ കൃത്യമായി പൂരിപ്പിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപെട്ടു.

9. മെറ്റീരിയൽന്റെ കാശ് , വിഗദ്ധ തൊഴിലാളികളുടെ വേതനം എന്നിവ വാർഡിലെ ആർക്കും ലഭിച്ചിട്ടില്ല

10. വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക് ശേഷമാണ്. ആയതിനാൽ തൊഴിലുറപ്പ് നിർത്തുന്ന തൊഴിലാളികളുടെ എണ്ണം ദിവസം പ്രതി കൂടുകയാണ് .

11. ആക്റ്റീവ് തൊഴിലാളികളുടെ എണ്ണം ഓരോ വര്ഷം കഴിയും തോറും കുറഞ്ഞതാണ് .വരുന്നത്. വേതനം ലഭ്യമല്ലാത്തതാണ് കാരണമായി അവർ പറയുന്നത്.

12. വെണ്ടർ ഉള്ള പ്രവർത്തികളിൽ ഗുണഭോക്താവിന് പണം ലഭിക്കാൻ ഒരുപാട് കാല താമസം വരുന്നുണ്ട് .

13. GST ബില്ലുകളുടെ ആവശ്യം വരുന്നതിനാൽ , gst ബില്ല് ലഭ്യമാകുന്ന കടകളിൽ നിന്നും സാധനങ്ങൾ വാങ്ങേണ്ടി വരുന്നു എന്നാൽ നാട്ടിൻപുറത്തു താമസിക്കുന്ന സാധാരണക്കാർക് ഇത്തരത്തിൽ സാധനം വാങ്ങുന്നതിനു വണ്ടി കൂലിയുടെ അധിക ചെലവ് വരുന്നുണ്ട്

തുടർന്നു റിപ്പോർട്ടിന്മേൽ ചർച്ച നടന്നു. **ചർച്ചയിൽ വന്ന പ്രധന വിഷയങ്ങൾ**

1. മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട മഴക്കുഴികൾ വിവിധ ആവശ്യങ്ങൾക് വേണ്ടി മൂടേണ്ടി വരുന്നു. അത് ഓഡിറ്റ് വരുന്ന വരെ അങ്ങനെ തന്നെ മൂടാതെ ഇരിക്കാൻ പറ്റില്ല. അതിനർത്ഥം തൊഴിലാളികൾ കുഴി കുത്തുന്നില്ല എന്നല്ല , ഇതിന് വേണ്ടി നടപടി എടുക്കാൻ ഒരു ഗുണഭോക്താവ് ആവശ്യപ്പെട്ടു. Vmc അംഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് പരാതിയിൽ പുതിയ 7 അംഗ vmc മെമ്പേഴ്‌സ്സ തിരഞ്ഞെടുത്തു. കൃത്യമായി പ്രവൃത്തി സ്ഥലങ്ങൾ പരിശോദിക്കാനുള്ള നിർദേശങ്ങളും നൽകി .വ്യക്തിപരമായ നേട്ടങ്ങൾ ഒന്നും ലഭിക്കാത്തതിനാലാണ് ആളുകൾ vmc നില്ലാത്തതെന്നു മെമ്പർ അഭിപ്രായപ്പെട്ടു.

2. തൊഴുലാളികൾക് ബൂട്ട്, കയ്യുറ എന്നിവ വാങ്ങാൻ കമ്മിറ്റീ തലത്തിൽ ആലോചിച്ച തീരുമാനികാണെന്നു മെമ്പർ ഉറപ്പ് നൽകി.
3. തങ്ങളുടെ വീടുകളിൽ എത്തരത്തിലുള്ള പ്രവർത്തികളൊക്കെ ചെയ്യാം ,ചിലർക്കു എന്ത് കൊണ്ട് ചെയ്യാത്തത് എന്ന ചോദ്യങ്ങൾക് മറുപടി നൽകി അക്രെഡികൂഡ് എൻജിനീയർ ശ്രീമതി. ലിസി , ജില്ലാ റിസോഴ്സ് പേഴ്സൺ കുമാരി ജൂലി എന്നിവർ മറുപടി നൽകി.
4. പൊതുവെ bpl കുടുബങ്ങൾക് സ്ഥലം കുറവുള്ളതിനാൽ അവിടെ കൂടുതൽ പ്രവർത്തികൾ ഏറ്റെടുക്കാൻ സാദിക്കുന്നില്ല, sc/st പെടുന്ന ആളുകൾക്കു ആകെ 4 സെന്റ് സ്ഥലത്തു മറ്റു പ്രവർത്തികൾ ചെയ്തു കൊടുക്കാനും സാദിക്കില. അതിനാൽ സാമ്പത്തിക വർഷത്തിൽ അവസാന ഘട്ടത്തിൽ മാത്രം apl വിഭാഗങ്ങൾക് കൊടുക്കാതെ അപേക്ഷ വരുന്നമുറക്ക് bpl , sc/st കഴിഞ്ഞു എല്ലാവർക്ക് ചെയ്തു കൊടുക്കണമെന്നുള്ള നിർദേശം veo വച്ചു.
5. തൊഴിലുറപ്പ് സമയം കുറക്കണമെന്ന ആവശ്യവും വന്നു
6. ഡോക്യൂമെന്റസ് എല്ലാം വാകണമെന്നുള്ള കർശന നിർദേശം എല്ലാ പഞ്ചായത്തിലേക്കും നൽകാമെന്നു AE ഉറപ്പ് നൽകി. മസ്റ്റർ റോളിൽ ഇനി വെട്ടിത്തിരുത്തലുകൾ ആവർത്തിക്കരുതെന്നും നിർദേശിച്ചു
7. തൊഴിലാളികൾക്കു ഇടക്കിടക് മെഡിക്കൽ ചെക്കപ്പ് നടത്താൻ വാർഡ് തലത്തിൽ ചെയ്യാൻ പറ്റുമെങ്കിൽ ചെയ്യണമെന്ന നിർദേശം വന്നു. കൃത്യമായി ഗുളികകൾ സൂക്ഷിക്കാൻ നിർദേശം നൽകി.

8. **ഒരു തൊഴിലാളിക്ക് എസ്റ്റിമേറ്റ് തുകയിൽ ചിലവാക്കിയ തുക കഴിഞ്ഞുള്ള തുക എവിടെയാണ് പോകുന്ന എന്ന സംശയം ദൂരീകരിച്ചു കൊടുത്തു. ആ പണം വേറെ ആർകെങ്കിലും പോകുന്നുണ്ടോ എന്ന് അദ്ദേഹത്തിന് സംശയം ഉണ്ടായിരുന്നു.**
9. **കിണർ ഇടിഞ്ഞു പോയ ഒരാൾക്കു അത് കെട്ടി കൊടുക്കാൻ തീരുമാനമായി, പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കാനുള്ള നിർദേശം വച്ചു.**
10. **മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തികളിൽ തുടകത്തിൽ സാധനങ്ങൾ വാങ്ങാൻ മാത്രം bpl, sc/st കുടുംബങ്ങൾക് പണമില്ല . ആയതിനാൽ അവര് മെറ്റീരിയൽ വർക്കുകൾ ഏറ്റെടുക്കുന്നതിൽ വിമുഖത കാട്ടുന്നു. മുൻകൂർ പണം കിട്ടുമോ എന്നവർ ചോദിക്കുന്നു. എന്ന് veo അഭിപ്രായപ്പെട്ടു**
11. **എന്ത് കൊണ്ടാണ് വേതനം വൈകുന്നത് എന്നതിനുള്ള കാരണം Ae നൽകി. മഴക്കുഴികൾ 3 വർഷം അവിടെ തന്നെ കാണണം മൂടരുത് എന്ന് അക്രെഡിക്യൂഡ് എഞ്ചിനീയർ നിർദേശം നൽകി.**
12. **മഴക്കുഴികൾ കുത്തുന്നതിന്റെ ആവശ്യകത റിസോഴ്‌സ് പേഴ്സൺ, ബ്ലോക്ക് AE എന്നിവർ പറഞ്ഞു കൊടുത്തു .**

ചർച്ചകൾക്കൊടുവിൽ ജലജ എന്ന തൊഴിലാളി നന്ദി പറഞ്ഞു. റിപ്പോർട്ട് കയ്യടിച്ചു പാസാക്കി 12.45 ഓടെ യോഗനടപടികൾ അവസാനിപ്പിച്ചു.

.